# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*150 — 06.03.2020 - ൽ മറുപടിയ്ക്ക്

## ജൈവകൃഷി പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.ടി.ജെ. വിനോദ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ജൈവകൃഷി പ്രോത്സാഹനത്തിലൂടെ ഉപഭോക്താക്കൾക്ക് സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിനും കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) ജൈവകൃഷി പ്രോത്സാഹനത്തിലൂടെ ഉപഭോക്താക്കൾക്ക് സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിനും കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനുമായി Good Agricultural Practices (ജിഎപി) സർട്ടിഫിക്കേഷനോടു കൂടിയ തിരഞ്ഞെടുക്കപ്പെട്ട ജി.എ.പി ക്ലസ്റ്ററുകളിൽ നിന്നും ഉല്പന്നങ്ങൾ ശേഖരിച്ച് തരംതിരിച്ച്, ഗ്രേഡ് ചെയ്ത് "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" ലേബലോടു കൂടിയ പായ്ക്കറ്റുകളിലാക്കി ഇക്കോഷോപ്പുകളിലൂടെ വിപണനം നടത്തുന്നു. ഇങ്ങനെ കർഷകരിൽ നിന്നും ശേഖരിച്ച് ഇക്കോഷോപ്പുവഴി വിൽക്കുന്ന ഉല്പന്നങ്ങൾക്ക് മുന്തിയ വില വിപണിയിൽ ലഭ്യമാകുന്നുണ്ട്. ഈ സംരംഭം കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണമില്ലാതെ നേരിട്ട് വിൽക്കുന്നതിന് സാധ്യമാക്കുന്നു.<br>കൂടാതെ വിപണികളിൽ ലഭ്യമാകുന്ന ഉത്പന്നങ്ങൾ (ജി.എ.പി ഉൾപ്പെടെ) സുരക്ഷിത ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), ആർ . എ. ആർ . എസ് മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക |

സർവ്വകലാശാലയുടെയും കൃഷി വകുപ്പിൻെറയും വെബ് സൈറ്റുകളിലും 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു. ഇപ്രകാരം പരിശോധിച്ച് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ ജി.എ.പി അവലംബിക്കുന്ന ക്ലസ്റ്ററുകളിൽ നിന്നും ഇക്കോഷോപ്പുകളിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ കീടനാശിനി അവശിഷ്ട വിഷാംശം നിയന്ത്രിതപരിധിയിലും കുറവായിട്ടാണ് കണ്ടിട്ടുള്ളത്. ഈ ഉൽപന്നങ്ങൾ "സേഫ് റ്റു ഈറ്റ് കേരള ഓർഗാനിക്" എന്ന പേരിൽ ലേബൽ ചെയ്ത് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പുകൾ വഴിയും നേരിട്ടുള്ള വിപണി മുഖേനയും വിൽപ്പന നടത്തുന്നു.

നിലവിൽ ഒരു ഇക്കോഷോപ്പ് സജ്ജമാക്കുന്നതിന് 2 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ നാളിതുവരെ 249 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റ് ഡവലപ്പ്മെൻറ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകളും വിള ആരോഗ്യ പരിപാലന പദ്ധതിയുടെ കീഴിൽ 46 ഇക്കോഷോപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ മുൻ വർഷം സ്ഥാപിച്ച തിരഞ്ഞെടുത്ത ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഓരോ ലക്ഷം രൂപ വീതവും നൽകുന്നുണ്ട്.

"സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" ലേബലോടു കൂടിയ "സുരക്ഷിത പച്ചക്കറികൾ" പരിസ്ഥിതി സൗഹൃദമായ പായ്ക്കറ്റുകളിലാണ് വിപണനം നടത്തുന്നത്. ഇത്തരം ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റ് ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ നേരിട്ടുള്ള വിപണി വഴിയും വിപണനം നടത്തുന്നു.

| | |
|---|---|
| ബി) സംസ്ഥാനത്തെ ജൈവ ഉല്പന്നങ്ങൾക്ക് വിദേശ വിപണി നേടിയെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) സംസ്ഥാന സർക്കാർ ആഭ്യന്തര വിപണിയിലൂടെ പൊതു ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. സംസ്ഥാനത്തെ ജൈവ ഉല്പന്നങ്ങൾക്ക് വിദേശ വിപണി നേടിയെടുക്കുന്നതിന് നിലവിലുള്ള ജി.എ.പി സർട്ടിഫിക്കേഷൻ കൊണ്ട് മാത്രം സാധ്യമല്ല. ഈ സർട്ടിഫിക്കേഷൻ നേടുന്നതിനായി അന്താരാഷ്ട്ര തലത്തിൽ സർട്ടിഫിക്കേഷൻ നൽകുന്ന |

ഏജൻസികളുടെ Internal Control System (ICS സർട്ടിഫിക്കേഷൻ) ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതുകൂടി ലഭിച്ചാലേ സംസ്ഥാനത്തെ ജൈവ ഉല്പന്നങ്ങൾക്ക് വിദേശ വിപണി പൂർണ്ണമായും നേടിയെടുക്കാനാവൂ.

എന്നാൽ 2017ൽ നടന്ന 'അന്തർദേശീയ മേളയായ ഓർഗാനിക് വേൾഡ് കോൺഗ്രസിൽ' കേരളം സ്റ്റേറ്റ് പാർട്ട്ണർ ആയി പങ്കെടുക്കുകയും ഇതുവഴി സംസ്ഥാനത്തെ ജൈവ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുകയും അവയ്ക്ക് അന്തർദേശീയ തലത്തിൽ ശ്രദ്ധ നേടി എടുക്കാനും കഴിഞ്ഞിട്ടുണ്ട്.

സി) കേരള ഓർഗാനിക് ബ്രാന്റ് എന്ന പേരിൽ ഉപഭോക്താക്കൾക്ക് നൽകുന്ന പച്ചക്കറിയും പഴവും ഓർഗാനിക്കാണോ എന്ന് സർട്ടിഫൈ ചെയ്യുന്നതിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

സി) സംസ്ഥാനത്ത് എല്ലാ ജൈവ കർഷകർക്കും സഹായകമായ രീതിയിൽ സൗജന്യമായി ലളിതമായ ഓർഗാനിക് സർട്ടിഫിക്കേഷൻ പ്രക്രിയയാണ് ജി.എ.പി (Good Agricultural Practices) സർട്ടിഫിക്കേഷൻ. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററും കൃഷി ഭവനിൽ രജിസ്റ്റർ ചെയ്യുകയും ഉത്തമ കൃഷി മുറകൾ അനുസരിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് വിളയുടെ വിവിധ ഘട്ടങ്ങളിൽ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ജി.എ.പി സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്നു. നിർദ്ദിഷ്ട ഇടവേളകളിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റൻറ് ഡയറക്ടർ(എം) എന്നിവർ ഇവരുടെ കൃഷിയിടം സന്ദർശിക്കുകയും ഫീൽഡ് ഡയറി പരിശോധിക്കുകയും ഉത്തമ കൃഷി മുറകൾ പാലിച്ചാണ് കൃഷി ചെയ്യുന്നത് എന്ന് ഉറപ്പാക്കിയ ശേഷം കൃഷി അസിസ്റ്റൻറ് ഡയറക്ടർ (എം) ജി.എ.പി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. GAP സർട്ടിഫിക്കറ്റ് ലഭിച്ച ക്ലസ്റ്ററിൽ ഉൾപ്പെടുന്ന കർഷകരിൽ നിന്നും ശേഖരിക്കുന്ന കാർഷിക ഉല്പന്നങ്ങൾ സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക് എന്ന ബ്രാൻഡിൽ ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തുന്നു.

കൂടാതെ വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), ആർ . എ. ആർ . എസ് മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട

വിഷാംശം പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിൻെറ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിൻെറയും വെബ് സൈറ്റുകളിലും 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു. ഇപ്രകാരം പരിശോധിച്ച് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ ജി.എ.പി ക്ലസ്റ്ററുകളുടെ കൃഷിയിടങ്ങളിൽ നിന്നും ഇക്കോഷോപ്പുകളിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ കീടനാശിനി അവശിഷ്ട വിഷാംശം അനുവദനീയമായ പരിധിയിലും കുറവായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഡി) സംസ്ഥാനത്തെ വിപണികളിൽ ഓർഗാനിക് എന്ന പേരിൽ പച്ചക്കറികൾ വൻവില ഈടാക്കി വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉപഭോക്താക്കളെ വഞ്ചിക്കുന്ന ഇത്തരക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഡി) സംസ്ഥാനത്ത് വിപണിയിൽ ഓർഗാനിക് എന്ന പേരിൽ പച്ചക്കറികൾ വിൽപന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇത്തരം പച്ചക്കറികൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ സ്ഥിരമായി പരിശോധനകൾ നടത്തുന്നു. ഇത്തരം പരിശോധനകളിൽ ശേഖരിക്കുന്ന സാമ്പിളുകളിൽ ആരോഗ്യത്തിനു ഹാനികരമായ കീടനാശിനികൾ, കൃത്രിമ ചായങ്ങൾ എന്നിവ ലബോറട്ടറി പരിശോധനയിൽ കണ്ടെത്തുന്ന പക്ഷം 2006- ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

കഴിഞ്ഞ രണ്ട് വർഷക്കാലമായി ജൈവ പച്ചക്കറികൾ വിൽക്കുന്ന 135 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും ചെയ്തതിൽ ഒന്നിൽ പോലും കീടനാശിനികളുടെ സാന്നിദ്ധ്യമോ കൃത്രിമ ചായങ്ങളോ കണ്ടെത്തിയിട്ടില്ല.

Mayal

**സെക്ഷൻ ഓഫീസർ**